മലയാള മനോരമ 28 July 2023

# കാർഷിക സെമിനാർ

ആലങ്ങാട് ● ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെയും വെളിയത്തുനാട് സഹകരണ ബാങ്കിന്റെയും നേതൃത്വത്തിൽ കാർഷിക സെമിനാർ സംഘടിപ്പിച്ചു. വെളിയത്തുനാട് സഹകരണ ബാങ്ക് പ്രസിഡന്റ് എസ്.ബി.ജയരാജ് ഉദ്ഘാടനം നിർവഹിച്ചു. പരിപാടിയുടെ ഭാഗമായി കർഷക ശാസ്ത്രജ്ഞരുമായി മുഖാമുഖവും കിസാൻ സമ്മാൻ നിധിയുടെ ഗഡു വിതരണവും നടന്നു.

കൃഷിവിജ്ഞാന കേന്ദ്രം സബ്ജക്ട് മാറ്റർ വിദഗ്ധൻ ഷോജി ജോയ് എഡിസൺ, ഡോ.പി.എ.വികാസ്, ഡോ.കെ.സ്മിത ശിവദാസൻ, പഞ്ചായത്ത് അംഗം കെ.എസ്.മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു.